Bhīman-katha

1905

C i
XIV
290

Kps. 48

N12<522987535 021
LS
ubTÜBINGEN
G. HIPP
Schreibwarenhandlung
Buchbinderei
UNTERHAUSEN/TEL.267

# ഭീമൻകഥ.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം
ഉടമസ്ഥർ സുബ്ബയ്യാവെന്നാട്ട
വൈദ്യാരുടെ മേലവിചാരന്മേൽ
ടി-അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.

൧൦-ാം പതിപ്പ്.

൩൦൦൦-കാപ്പികൾ.

൧൦൮൦.

UNIV. BIBL.
TÜBINGEN

# ഭീമൻകഥ.

## ഹിഡിംബവധവും ബകവധവും.

അംബുജവൈരികുലത്തിലുളവാകിയപാണ്ഡവരഞ്ചും * അമ്മയുമായൊരുനാളിലരക്കില്ലവും വെന്തുനടന്നു * അന്നുവിലധാരംപുക്ക കുന്തിപുത്രരുമായ് നടകൊണ്ടു * മാതൃപ്പുഴയ്ക്കലുംചെന്നു കുന്തി തീരംകടപ്പതിന്നായി * തോണിപ്പുഴയുടയോനെക്കണ്ടു വേദനയോടുപറഞ്ഞു * തോണിപ്പുഴയുടയോനേ എന്നെ യക്കരെയ്ക്കങ്ങിറക്കേണം * തോണികടക്കണമെങ്കിൽ തോണിക്കൂലിയെട്ടപ്പിൻവൈകാതെ * തോണിക്കൂലിക്കൊരുപായം കഴിവില്ലപുഴയുടയോനേ * കൂലിക്കുപായമില്ലെങ്കിൽ നിൻ്റെബാലരിലൊന്നുതന്നാലും * അഖിതംനെഞ്ഞിൽകരുതികുന്തി ചഞ്ചലംപൂണ്ടുഴന്നു * അന്നേരംഭീമൻ പറഞ്ഞു തൻ്റെമാതാവിനോടു സദ്ദശം * ഞാനമിവിടെനിന്നിട്ടാം നിങ്ങൾവേഗംകടന്നങ്ങുപോവിൻ * എന്നതുകേട്ടോരുനേരം കുന്തിനേത്രാംബുമാവിലൊഴുക്കി * വന്മൻപുഴയുടയോൻ്റെകയ്യിൽ പുത്രനെമെല്ലെക്കൊടുത്തു * ധർമ്മസഹോദരന്മാരും കുന്തിവന്നിപ്പുതീരംകടന്നു * അടവാസ്സാതാവിനദ്ദേഹം മന്ദംപൊന്നങ്ങുവെള്ളിത്രീയാൽക്കൽ * അവർത്തറകരിയിരുന്ന തൻ്റെപുത്രനെയോർത്തുകരഞ്ഞു * അന്നേരംധർമ്മജൻചൊല്ലി മാതൃദുഃഖംകെട്ടപ്പാനുപായം * നാലുനാളുള്ളിലിവിടെഎൻ്റെസോദരൻവന്നിടുമമ്മേ! * ധർമ്മജനേവം പറഞ്ഞു ധർമ്മസമ്മതയായിമാതാവും * വായുതനയനെ

നോക്കി വീരൻ വമ്പൻപുഴയുടയോനും * ദു
ശ്ശാസ്സുശ്രൂഷകന്മാരീയും ഒരുവാട്ടം വരാതെ ചെയ്യേ
ണം * അങ്ങനെയാമെന്നു ചൊല്ലി ഭീമസേനനു
സമ്മതമായി * നിത്യം കുളിപ്പതിനുള്ള വെള്ളം
കാച്ചേണമെന്നു പറഞ്ഞു * ഊററമായുള്ളൊരു
ചെമ്പു ഭീമസേനന്റെ പക്കൽ കൊടുത്തു * ബാ
ലകൻ ചെമ്പങ്ങെടുത്തു മറപ്പുള്ളിമരമതിൽ പു
ക്കു * ചെപ്പുകടം കൊണ്ടെടുത്തു വെള്ളം കോരിച്ചൊ
രിഞ്ഞു നിറച്ചു * അഗ്നിയും കത്തിച്ചു നന്നായ് വെ
ള്ളം കാഞ്ഞു തിളച്ചു തുടങ്ങി * ഭേപാരിക വേഗം കു
ള്ളപ്പാൻ നാഴിക തെററൊരു തൊട്ടും * പോരാൻ
മടിയുണ്ടെന്നാകിൽ പ്രാണനാഥേ! വിരവിലെടു
പ്പൻ * എന്നും പറഞ്ഞുടൻ ഭീമൻ വേഗം കാൽക
രം കൂട്ടിപ്പിടിച്ചു * മെല്ലെയവിടന്നെടുത്തു തിള
വെള്ളത്തിലങ്ങുമറിച്ചു * കാൽക്രമത്താൽ പററിപ്പി
ടിച്ചു തിളവെള്ളത്തിലിട്ടൊന്നുലച്ചു * അസ്ഥി
യുമൊക്കെ മറിഞ്ഞു അവൻ മൃത്യുവശഗതനായി *
ചത്തെന്നു കണ്ടോരനേരം ഭീമൻ മറെറാരു ചെ
മ്പങ്ങെടുത്തു * ചിത്രത്തിൽ വെച്ചങ്ങു മൂടി യോടി
ച്ചെന്നു കടവിലന്നേരം * കുന്തികുമാരനെക്കണ്ടു
വീരൻ വമ്പൻപുഴയുടയോനും * അമ്മയ്ക്കു നല്ല
സുഖമോ സുതാ എന്തിനിങ്ങോട്ടിപ്പോൾ പോന്നു
* അമ്മ കുളിച്ചു സുഖമായ് നല്ല സപ്പാദതുമുണ്ടുള്ള
ജിച്ചു * ദൈവത്വമായങ്ങിരിക്കുന്നു ഒരുനാളും ല
യമില്ലവർക്ക് * ഓടം കടത്തേണമിപ്പോളിനിക്കാ
ലന്ത്യം പാരം മകനെ * എന്നരചെയ്തോരുനേരം
ഭീമനപ്പോളവനോടു ചൊല്ലി * അങ്ങുന്നതോണി
നടുവിൽ ഒരു വാട്ടം വരാതെയിരിക്ക * അങ്ങോട്ടു
മിങ്ങോട്ടും വേഗം പുഴ ഞാൻ വലിച്ചങ്ങിറക്കീടാം

bi XIV 290. Kps. 48

* സന്തോഷമുള്ളിൽകരുതി വീരൻ വമ്പൻപുഴ
യുടയോന്നും * തോണിനടുവിൽകരേറി ഭീമൻ
ഉറ്റമായൊന്നു വലിച്ചു * തോണിനടപ്പുഴതന്നി
ൽ ചുഴന്നാമ്മാറു കീഴ്പ്പോട്ടുതാണു * തോണിപ്പു
ഴയുടയോന്നും മുങ്ങി നീന്തി തുടിച്ചു തുടങ്ങി * കാ
ലും കരവും തളർന്നു അവൻ കണ്ണുമിഴിച്ചു തുടങ്ങി *
വല്ലാതെ കൊല്ലുന്നതെന്നു ഭീമസേനനമുള്ളിലുറ
ച്ചു * കാൽകരം കൂട്ടിപ്പിടിച്ചു ഭീമനക്കരെക്കോ
ട്ടെറിഞ്ഞു * വായിലെന്നാവും പറിച്ചു അവൻ ത
ന്നെയും തള്ളിയങ്ങിട്ടു * വേഗം കുതിച്ചങ്ങു ചെന്നു
മാതൃപാദാംബുജവും വണങ്ങി * അഗ്രജപാദം
തൊഴുതു തന്റെ സോദരന്മാരെപ്പുണർന്നു * ദുഃഖ
വും തീർന്നിതു കുന്തി തന്റെ പുത്രരുമായ് നടകൊ
ണ്ടു * കാടതിൽ ചെന്നങ്ങു പുക്കങ്ങു കാണാഞ്ഞു
ദേവികൾ നേരം * തെറ്റന്നുഴറിനടന്നൊന്നു പു
ക്കഹിഡിംബവനത്തിൽ * അക്കനമസ്തമിച്ചു
പ്പോൾ നീട്ടം കാട്ടിലാമ്മാറന്നു ദേവി * പുത്ര
രോടും ദുഃഖമാർന്നക്കുന്തിക്കാലസ്യമായിതന്നേരം *
വെള്ളം കുടിയാഞ്ഞു പാരം കുന്തിദേവിക്കുമാല
സ്യമായി * വായുതനയനാമനേ വേഗം വെള്ളം
കൊണ്ടുവരേണം * മാതാവു ചൊന്നതു കേട്ടു ഭീ
മൻ വേഗം വനത്തിൽ കടന്നു * കണ്ടിതിഡിംബ
വനത്തെ വിസ്മയമെന്ന കണക്കെ * ഗോപു
രം നാലു ദിക്കിലും നല്ല വ്യോമമാർഗ്ഗത്തോളം കാ
ണായ് * പശ്ചിമഗോപുരദേശേ നല്ല പൊയ്കയ
കണ്ടു തെളിഞ്ഞു * ബലരോഷത്തോടിറങ്ങി തോ
യപാനവും ചെയ്യുന്നനേരം * കേട്ടാൽ മൊഴിയാ
ളിഡിംബികളിച്ചാനന്ദമായ് നിൽക്കുന്നേരം *
അംഗനമാരോടു കൂടിച്ചിൽ സംഗവിനോദം പൂ

ഞ്ഞു * ഗംഗയിൽസ്നാനവുംചെയ്തും നരപുംഗവ
നെക്കണ്ടവളും * ചഞ്ചലംനെഞ്ചിൽകരുതി മ
ണ്ടിച്ചെന്നിതുഭീമസമീപെ * മാരാൎത്തിപൂണ്ടുപ
റഞ്ഞിതപ്പോൾനാരീമണിയാമിഡിംബി * എ
ന്നോടു കൂടെ വരിക നല്ല സ്വാദുത്വമുണ്ടുവസി
ക്കാം സ്വൈരമായങ്ങുറങ്ങീടാംസുഖംനല്ലവണ്ണം
വരുംമേലാൽ * ദുൎവാക്കുകേട്ടൊരുഭീമൻ നന്നായ്
കോപിച്ചവളോടുചൊല്ലി * പോടിനിശാചരീ!
മൂഢ! നിൻെറശാഠ്യങ്ങൾഞാനിങ്ങറിഞ്ഞു *
പോകയ്ക്കിവിടുന്നാനിന്നെ ഇപ്പോൾ കാല
പുരത്തിന്നയപ്പൻ * എന്നതുകേട്ടാഹിഡിംബി
മന്ദംചെന്നാഹിഡിംബസമീപെ * പാരംപരി
താപംപൂണ്ടു തൻെറ സോദരനോടുപറഞ്ഞു *
മാൎത്താണ്ഡബിംബസമാനൻ നല്ല രാജകുമാരക
വീരൻ * തോഴിമാരൊന്നിച്ചുഞാനുംകുളിച്ചങ്ങി
നെനിൽക്കുന്നനേരം * എന്നോടടുത്തവൻവന്നു
എൻെറ മെയ്മേൽതൊടുന്നതിന്നായി * കണ്ടു
പേടിച്ചുഞാനോടി എൻെറ കാലുംകരവുംതള
ൎന്നു * പോയിലവനവിടുന്നുവേഗം ചെന്നാലവ
നെക്കണ്ടീടാം * എന്നതുകേട്ടൊരുനേരം അവ
ൻ കോപത്തോടൊന്നങ്ങലറി * കഷ്ടംമനുഷ്യ
ൻവന്നെൻെറ ചിറതൊട്ടവനെവധിക്കേണം *
പെട്ടന്നുവന്നൊരുകോപം ഇന്നു ഭോക്കവനെ
ന്നരചെയ്തു * നന്നായ്ചിരിച്ചൊന്നലറി അവ
ൻ മുഷ്ടിചുരുട്ടിനടന്നു * ഭീമനെക്കണ്ടങ്ങവനും
അതി ഭീമമായൊന്നങ്ങലറി * ദംഷ്ട്രംകരാളംക
ണക്കേ നീട്ടി ദന്തംകടിച്ചുചൊടിച്ചു * ദൃഷ്ടിയു
രുട്ടിമിഴിച്ചു കനൽക്കട്ടചിതറുമാറേററം * അട്ട
ഹാസംചെയ്തലറി മുട്ടനെട്ടാശചൊട്ടുമാറപ്പോ

ഠം * ഏററംകയൎത്തങ്ങടുത്തു അവന്റെമാറെയാ
ന്നങ്ങടിച്ചു * ആയടിഭീമൻപിടിച്ചുതന്റെവലാ
മുഷ്ടികൾകൊണ്ടൊന്നടിച്ചു * ആയടികൊണ്ടൊ
രുനേരമവനാലസ്യംപാരമുണ്ടായി * എന്നതുക
ണ്ടൊരുനേരംഭീമസേനനവനൊന്നുപറഞ്ഞു * നി
ന്നോട്ടുഞാനെന്തുചെയ്യപ്പിന്നെ എന്നോട്ടുവന്നി
ടങ്ങെതിൎപ്പാൻ * നേരുംനേരുകേടും ന്യായംവഴിക
ളുമറിയേണമിപ്പോൾ * എന്നെയടിപ്പാൻ നി
നക്കിന്നൊരു യോഗ്യതയില്ലന്നറിയേണം എന്നു
പറഞ്ഞുടൻ ഭീമസേനൻപിന്നെയുമൊന്നങ്ങടിച്ചു
* ആയടികൊണ്ടങ്ങസുരൻ ചുഴന്നാമ്മാറുഭൂമി
യിൽവീണാൻ * അല്പനേരംകഴിഞ്ഞപ്പോളവ
നേററമായൊന്നങ്ങലറി * ചീററംമുഴുത്തങ്ങിഡിം
ബൻവായുനന്ദനനെപ്പിടിപെട്ടു * മുഷ്ടിപ്രയോ
ഗംതുടങ്ങി അതിദുഷ്ടൻനിശാചരനപ്പോൾ * കാ
ണിക്കിടം തുടരാതെ അവർയുദ്ധം തുടൎന്നുനേ
രം * ഭീമനുംദീനതപൂണ്ടു പാരമാലസ്യമായിത
ന്നേരം * വേർപിരിയാതവർദൂരെപ്പോസ്സിചാ
രിച്ചു നില്ക്കുന്നനേരം * തോററവരെന്നുള്ളിലുറച്ചു
മഹാദുഷ്ടൻ ഹിഡിംബ നന്നേരം * വന്മരംപ
ററിപ്പറിച്ചു ഇലയുരിയവനെ അടിച്ചു * ആയടി
മാറിത്തടുത്തുതന്റെഅച്ഛനെയുള്ളിൽനിനച്ചു *
ശ്രീഗദകയ്യിലെടുത്തു ഭീമസേനനൊന്നങ്ങടി
ച്ചു * ആയടികൊണ്ടങ്ങസുരൻ ചുഴന്നാമ്മാറുഭൂമി
യിൽവീണു * കൊല്ലല്ലെവായുതനയ നിനക്കിഷ്ട
മാംവണ്ണമിരിക്കാം * ഞാൻചെയ്തതൊക്കെപ്പൊ
റുക്ക ധനധാന്യങ്ങളൊക്കെ തന്നിടാം * എന്നി
ഡിംബൻ പറഞ്ഞപ്പോളവയൊന്നും നിനക്കാ
തെഭീമൻ * ക്രോധം മുഴുത്തസുരന്റെ ദേഹംള

സ്സമായ് ധൂളിച്ചന്നേരം * ദേവകൾക്കാപത്തൊ
ഴിഞ്ഞു മുനിമാശ്രമങ്ങൾക്കും സുഖമായ് * വ
ന്മൻ ഹിഡിംബനെക്കൊന്നു ജലംകൊണ്ടുപോ
കുന്നൊരുനേരം * പിന്നാലെക്കൂടി ഹിഡിംബി
അപ്പോൾ ഭീമൻ പറഞ്ഞവളോട് * നീയുമിന്നെ
ന്നോടുകൂടി പോരാനെന്തൊരു കാര്യസിദ്ധാന്തം
* താനെന്നെ രക്ഷിക്കവേണം ഇതീതാനൊഴി
ഞ്ഞൊരുള്ളിനിക്ക * തമ്മിലന്യോന്യം പറഞ്ഞുക
ന്നിദേവീസമീപത്തുചെന്നു * മാതാവിന്നു ജലം
നൽകി തോയപാനവും ചെയ്തുവരപ്പോൾ *
ആനന്ദസോദര! ഉണ്ണി നിനക്കെങ്ങുന്നുകിട്ടിയി
വളെ * ഉണ്ടായവാർത്തകളെല്ലാം തന്റെമാതാ
വിനോട് പറഞ്ഞു * ദുഷ്കരംനീചെയ്ത കാര്യം
ബഹുവിസ്മയമെന്നുമറിക * വൃത്താന്തമിങ്ങനെകേ
ട്ടുധർമ്മപുത്രരുമൊന്നങ്ങുരച്ചു * ധാത്രീപതിസുത
കേൾക്ക ഒരുതീർത്ഥമാടേണം നമുക്ക എന്നുപറ
ഞ്ഞതു കേട്ടനിജയമ സഹോദരന്മാരും * തെ
റ്റെന്നുഴറി നടന്നു ചെന്നു പുക്കിതു ഒരുഗ്രാമ
ത്തിൽ * *

ഉത്തരത്തിലൊക്കെനടന്നുഭേദമുണ്ടായ് വസിക്കു
ന്നനേരം * ഉത്തരത്തിലൊക്കെനടന്നുകുന്തിസഞ്ചരി
ക്കുന്നൊരുനേരം * ഏകനൊരുവിപ്രൻ തന്റെഇ
ല്ലത്തകത്തുനിന്നു കരയുന്നു * അന്തണസ്ത്രീദുഃഖം
കേട്ട കുന്തി ചിന്തിച്ചവിടെക്കേറി * ന്നു
ചോദിച്ചു കുന്തിയവൾ വേദനയോടുപറഞ്ഞു *
ഈ ഗ്രാമത്തിൽ പ്രിയനോടെ ഞങ്ങൾസ്വൈരമാ
യ്വാഴുന്നകാലം * എങ്ങുന്നുവന്നൊരസുരൻ ആർക്കും
ധാരണയില്ലമാതാവെ * ആരണരൊക്കെകുളിപ്പാ
ൻ ചിറതന്നിൽ ഇറങ്ങിയനേരം ഉത്തരിൽ കൂടനാവ

ൻവനമിലുളുണ്ണികളേയും ഭുജിച്ചു * ഗോക്കളെ
യൊക്കെവകൊന്നു തിന്നു വൃദ്ധരാംവിപ്രരെക്കൊ
ന്നു * അന്തണസ്ത്രീകളെക്കൊന്നു ഞങ്ങൾക്കത്തൊർ
വരുത്തിയസുരൻ അഞ്ചുദിവസമിദ്ദേവമവൻച
ഞ്ചലംകൂടാതെ ചെയ്താൻ * അഞ്ചാമനസ്സാമസുരാ
ഞങ്ങൾചൊല്ലുന്നവാക്കുകൾകേൾക്ക * ഒന്നാലെ
കൊന്നുമുടിച്ചാൽപിന്നൊരുമാൻനിനക്കില്ലകൊ
റവും * വിപ്രവചനങ്ങൾകേട്ടു ബകൻസുപ്രസാദം
നിറഞ്ഞുള്ളിൽ അപ്പോൾപറഞ്ഞാനസുരേശൻദി
നംനിത്യവുമുള്ളകണക്കേ * ആയിരംനാഴിഅരി
യുംഅഴകോടതുവച്ചുംമെച്ച നൂറുകുടത്തിൽരസാ
ളംശുഭമേററമിനിക്കപ്രസാദം * പച്ചയിറച്ചി
ഭുജിപ്പാനൊരുമാനും വൃഷഭവുംപോത്തും * കേ
വലമോട്ടനാപാടിൽ കേററി കേട്ടവരാതെതരേ
ണം * നിത്യവും കൊണ്ടുതരേണംനിങ്ങളോരോ
ത്തരോരോ ദിവസം * കൊണ്ടുവരാൻ വൈകി
യെന്നാൽ കൊന്നുപാടെയൊടുക്കും മുടിക്കും *
അങ്ങിനെസമ്മതിച്ചപ്പോൾ ഞാൻനിന്നാലേയാ
വോളമെല്ലാം * ഇന്നിരിഞങ്ങടെ കഴുവാൽബക
അമ്മാൻ കൊടുക്കണം തായെ! * കോപ്പുകളൊ
ക്കെവെക്രട്ടി കൊണ്ടു പോവതിനാരുമേയില്ല * മാ
മറയോനും മകനുംഞാനും തന്നെയതെള്ളൂ മാ
താവേ * ഉണ്ണിയെച്ചൊല്ലി യയച്ചാലെന്റെ
ഉദകക്രിയക്കാരുമില്ല * മാമറയോനെയയച്ചാ
ലെന്റെ മംഗല്യസൂത്രംമുടങ്ങും * ആരിനിപ്പോ
കുന്നതമ്മ മകനൊന്നെയിനിക്കുള്ളു കഷ്ടം *
വേദനപൂണ്ടങ്ങുഭർത്താവിപ്പോൾ ദീനതപൂണ്ടുഴ
ലുന്നു * ഹാഹാവിധിദൈവമെന്നുകേണുപിന്നേ
യുംവൻമുറയായി * അന്തണസ്ത്രീദുഃഖം കണ്ടുക

ന്തിദേവിക്ക സങ്കടംപൂണ്ടു * ആരണനാരി ത
ന്നോടു മല്പ്പോളിമ്പംവരുമാറുചൊല്ലി * കമ്പം
കലരാതിരിക്ക കഴിവുണ്ടാക്കുവാൻഞാനുംഭദ്രേ *
അഞ്ചൊണ്ടുമക്കളിനിക്കു അതിലൊന്നിനെഞാ
ൻതരുന്നുണ്ടു * സങ്കടംതീൎന്നില്ലയെങ്കിൽ അതി
നഞ്ജിനേയുംതരുന്നുണ്ടു * സങ്കടംതീൎന്നിരുന്നാ
ലും എന്നുവേദിയസ്ത്രീയോടുചൊല്ലി * കുന്തീവ
ചനങ്ങൾ കേട്ടുമനംനന്നായ് കുളൎത്തുപറഞ്ഞു *
കത്തിയെരിയുന്നതീയിൽ കുളൎവെള്ളം ചൊരി
യുന്നപോലെ * ഉള്ളകമൊക്കെ തണുത്തു എ
ന്റെ തള്ളയെന്നുംചൊല്ലിനിന്നു * കൊല്ലുവാ
ൻകൊണ്ടുപോകുന്നജനംതന്നെ രക്ഷിക്കുന്നപോ
ലെ * വെള്ളത്തിൽവീണു മരിക്കുന്നോരെത
ന്നെ രക്ഷിക്കുന്നപോലെ * പ്രാണരക്ഷാൎത്ഥം
ചെയ്യുന്നജനം മാതാവിന്നുതുല്യമമ്മെ! * ഉള്ളി
ലെവേദനയെല്ലാം പൊറുപ്പാറായി ഭേദം മക
നെ * നല്ലതുമേലിൽവരേണംനിങ്ങൾക്കല്ലാതെ
യില്ലപറവാൻ * നാരായണനെന്നുചൊല്ലിനാ
രി ഖേദവുമുള്ളിലടക്കി * വിപ്രരെരക്ഷിപ്പതി
ന്നു തന്റെ പുത്രനെക്കണ്ടുപറഞ്ഞു * വീരൻബ
കൻ ചെയ്യുന്നൎത്ഥം വിപ്രരോടുള്ള ഹമ്മതിയെ
ല്ലാം * ധൎമ്മജനാദിയായുള്ള സോദരന്മാരോടുചൊ
ല്ലിമാതാവും * അഗ്രജനാകുന്ന പുത്രനെപ്പോളശ്രേ
യനുവാദം നൽകി * മുക്തിവരുത്തണമെന്നു ത
ന്റെ ഭീമനെക്കണ്ടുപറഞ്ഞു * മാതാവുചൊന്ന
തുകേട്ടു ഭീമനാരെന്നുചൊല്ലിനടന്നു * വേദനക്കൂ
ടാതെ ചെന്നുഭീമൻ വേദിയരോടുപറഞ്ഞു * ക
ലൊഷംപൂണ്ടസുരന്നു നിങ്ങളുമ്മാൻ ശ്രമിച്ചതെ
ല്ലേയും * എന്നുടെപക്കൽതരികപക്ഷെ ഞാ

നങ്ങൾ കൊണ്ടുവന്നീടാം * എന്നു പറഞ്ഞതു കേ
ട്ടു ഭീമൻ ചൊല്ലിയതെല്ലാം കൊടുത്തു * ചെപ്പു
ക്കുടം രണ്ടെടുത്തു ചമ്പിൽ തീരുകുട വെള്ളം കോ
രി * ആയിരം നാഴി അരിയും അഴകോടെ കഴുകി
ക്കൊടുത്തു * ആനന്ദമുള്ളിലുറച്ചു ഭീമൻ നന്നാ
ല്പിച്ചു തുടങ്ങി * അഞ്ചു കറിക്കുള്ള വട്ടം ക്ഷിപ്രം
കൊണ്ടു ചമച്ചുടൻ ഭീമൻ * ചുക്കുമുളകു പൊടി
പ്പിൻ ചെറുജീരകം നന്നായരപ്പിൻ * ഇതുകളി
ല്ലാം നന്നാക്കൂട്ടി വേഗത്തിലരച്ചു പകർത്തി *
ക്കൂട്ടിയിളക്കി മറിച്ചു പുകഞ്ഞാതെ മെല്ലെ നിറ
ക്കി * തൊട്ടികൾ വട്ടിനിരത്തി അതിലൊക്കെ
നിറച്ചു തുടങ്ങി * മൈക്കണ്ണിമാരേ! വരുവിൻ നി
ങ്ങളിക്കറിയുപ്പേരി നോക്കിൻ * ഉപ്പില്ലയെ
ങ്കിൽ കൊതിയൻ ബകനൊക്കുകയില്ലന്നറിക *
അഞ്ചു കറിയും ചമച്ചു ഭീമനഞ്ചാതെയുള്ളിലുറച്ചു
ന്നൂറു കുടത്തിൽ രസാളം നിറച്ചമ്മാറു വാകെട്ടി
വെച്ചു * മാനംവൃഷഭവും പോത്തും പിന്നൊപ്പം
താതെ കൊണ്ടുവന്നു കെട്ടി * പോത്തുകൾ രണ്ടും വ
ണ്ടിയിൽ പൂട്ടി ചാട്ടിൽ കരേറിത്തുടങ്ങി * വട്ടിക
ൾ തൊട്ടിനിരത്തി ഒരുവാട്ടം വരാതെ കരേറി *
ന്നൂറു കുടത്തിൽ രസാളങ്ങളും വാട്ടം വരാതെ ക
രേറി * ചോറും കറികളുമെല്ലാമൊരു കുന്നു
പോലവെ കരയേറി * ആട്ടി അടിച്ചു തുടങ്ങി ഭീമ
ൻ കൂട്ടക്കൂടാതെ അന്നേരം * സമയം കഴിഞ്ഞു
നെറിയും കെട്ടു വരുവീലയെന്നുറച്ചു * കാട്ടി
ൽ കരേറിയന്നേരം ബകൻ ഞെട്ടമാറൊന്നല
റി * അട്ടഹാസം കേട്ടനേരം ഭീമൻ ഞെട്ടമാ
റൊന്നലറി * പാരിച്ചകോപം മുഴുത്തു ബക
ൻ ദൂരത്തു വാങ്ങിയിരുന്നു * ക്രൂരഞാൻ ഗ്രാമമു

ടിച്ചു വിപ്രവംശത്തെയൊക്കെമുടിപ്പൻ * ചീ
റ്റംകലൎന്നു കൊതിയൻ കോപംവർദ്ധിച്ചിരിക്കു
ന്നനേരം * പെട്ടന്നുചെന്നുസമീപെ ഭീമൻ
കോപ്പുകൾ കൂട്ടിത്തുടങ്ങി * നേരിട്ടൊന്നുംപറ
യാതെ നിന്നനേരത്തുഭീമൻപറഞ്ഞു * ആരാ
ന്തന്നൊരുചോറു അഴകോടിതു കൊണ്ടു വ
ന്നു * അജ്ഞാതെ യുണ്ടുകൊണ്ടാലും ഒരു ചെ
ലും വേണ്ടാമനസ്സിൽ * നേരിട്ടുവിപ്രരോടിന്നു
നിന്റെയുഷ്മതയിന്നറിയണം * ബ്രാഹ്മണ
ൻതന്നൊരുചോറു മതിയാവോള മുണ്ടുകൊണ്ടാ
ലും * ആരാന്റെചോറെന്നങ്ങാശ കൊതിയു
ണ്ടാകരുതെന്നറിക * ആണിന്നു ചേരുന്നതല്ല
ദിന്റെറുണ്ണുന്നു ഭീമൻപറഞ്ഞു * കാണുന്നു
ചൊല്ലിന്നുനന്നു കറിയിട്ടങ്ങുരുട്ടികുഴച്ചു * ഓ
രോരോപിണ്ഡമുരുട്ടി മറ്റൊന്നും തുടരാതെ
വെച്ചു * പാരാതെഭീമൻബകന്റെ മുമ്പിൽ
ചെന്നിരുന്നാനന്ദമോടെ * ഓരോരോ പിണ്ഡ
മെടുത്തു പിന്നെയുണ്ണുന്നകേൾപ്പിട്ടുഭീമൻ * ഓ
രോന്നെ ചൊല്ലിവിഴുങ്ങും പിണ്ഡങ്ങളിലിതു
ന്നൊരുപിണ്ഡം * വേണംനിനക്കെങ്കിൽ വാടാ
ഞാറ്റുകൊണ്ടേടൻ നീട്ടിവിളിച്ചു * പിന്നയും
പിണ്ഡമെടുത്തുഭീമൻ കാട്ടിവിളിച്ചുവിഴുങ്ങും *
കണ്ടുനിന്നറിയാഞ്ഞാരക്കൻ കടക്കണ്ണുംകടുക്കെച്ചു
വത്തി * പല്ലുംകടിച്ചവൻ ചൊല്ലീടുവൻ ചെല്ല
ന്നടനാരൊത്തു ധിക്കാരമെല്ലാം നിനക്കങ്ങൊ
രു നൽക്കാരമെന്നറിയേണം * ഇന്നൊന്നുള്ളു
ന്നുകൊണ്ടു ഒരുഖേദംനിനക്കുള്ളിൽ വേണ്ടാ *
ലിതെന്നെക്കൊന്നു ഭുജിച്ചാൽപിന്നെന്നുള്ളി
ലോകമിതെല്ലാം * എന്നുപറഞ്ഞതുകേട്ടബകൻ

കുന്നിൻശകലങ്ങൾകൊണ്ടു * വേറുവിടാതെ അ
വേറുവിടാതെഅരക്കൻ മെല്ലെ ഏറുതുടങ്ങിയ
നേരം * ഏറുകളൊക്കെത്തടുത്തു ഭീമൻ ഉരുണ്ടു
കഴിഞ്ഞെഴുനീററു * വേറുവിടാതെയരക്കൻ വൃ
ക്ഷംചെന്നിലയൂർപ്പറിച്ചു * ഖിന്നത പൂണ്ടസുര
ന്റെ ചോറുമുണ്ടുകൊണ്ടിന്നുതല്ലി * ആയടി
മാറിത്തടുത്തു ഭീമനസുരനെയുള്ളിൽ നിനച്ചു *
ശ്രീഗതകയ്യിലെടുത്തു ഭീമൻവേഗമോടൊന്നങ്ങ
ടിച്ചു പിന്നെപ്പിടിച്ചുവർതമ്മിൽ യുദ്ധം വട്ടമി
ട്ടങ്ങു പൊരുതും * വട്ടത്തിൽകെട്ടിയടിയും വടി
തട്ടിപ്പറിച്ചിതുഭീമൻ * ദുഷ്ടനെഭീമനന്നേരം ഇ
ടിവെട്ടിയപോലൊന്നടിച്ചാൻ * വെട്ടുമിടിയേററ
പോലെ തലപൊട്ടിമറിഞ്ഞങ്ങുവീണാൻ വാരി
ധിപോലെനിറന്നു ചോരനാലുവഴിയുമൊഴുകി
അപ്പോഴവനെയെടുത്തുമരം കൂട്ടിവച്ചങ്ങുമുറുക്കി
ച്ചെച്ചുയേറുന്നമരത്തെ കൊണ്ടു ചേർത്തങ്ങുചാരി
നിറുത്തി * ഇപ്രകാരംപിടിച്ചൊക്കെകെട്ടിവായു
സുതനും നടന്നു * അഗ്ഗ്രാമത്തിലുംചെന്നു ഭീ
മൻ മാതാവിനെയുംവണങ്ങി * അഗ്രജപാദം
തൊഴുതു തന്റെസോദരന്മാരെപ്പുണർന്നു * ഇ
ങ്ങനെ ചൊല്ലികളിക്കുന്നോർക്കുമംഗലം വന്നു
ങ്ങുകൂട്ടം * പുത്രരുംസമ്പത്തുംവന്നുകൂടും മിത്ര
ത്തോടൊന്നിച്ചുവാഴാം

സമാപ്തം

കടങ്കഥ

ഞാൻപോകുന്നസ്ഥലം സമുദ്രത്തിലാകുന്നു എന്റെജനിപ്പിടം ഭൂ
മിയിലാകുന്നു. എന്റെമാതാവു സമുദ്രമാകുന്നു പിതാവു സൂര്യൻ

ന്മാപരായാം. ഞാൻ അമ്മയുടെ അടുക്കൽ ഇരിക്കുമ്പോൾ എന്നെ ആരും കാണുകയില്ല. എന്റെ അമ്മ എന്നെ ഒരിക്കലും കാണാതെയിരിക്കില്ല. അപ്പനോടും അപ്പന്റെ ജ്യേഷ്ഠനോടും അടുക്കുമ്പോൾ ഞാൻ ഒരു ഉരുവാകുന്നു. അപ്പോൾ എന്നെ എല്ലാവരുംവന്നു എടുക്കുകയും വിചാരിക്കുകയും ചെയ്യുന്നതാകുന്നു. തള്ളയുടെ അടുക്കലോ അവരുടെ ബന്ധുക്കളുടെ അടുക്കലോ ചെന്നാൽ എന്നെ ആരും കാണുകയില്ല. പിന്നെ ഞാൻ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കൊട്ടാരത്തിലും പുലയരുടെ മാടത്തിലും കയറുന്നതാകുന്നു. ജാതിഭേദങ്ങൾ എനിക്കില്ല എങ്കിലും കാലഭേദങ്ങളുണ്ടു. എനിക്കു പല നിറങ്ങളുണ്ടെങ്കിലും പരമാർത്ഥത്തിൽ ഒരു നിറമേയുള്ളു. എനിക്കു സഹോദരിമക്കളിൽ രണ്ടുമൂന്നുപേരുണ്ടെങ്കിലും ഞാനാകുന്നു മൂത്തിയവൻ. ഞാനൊരു നല്ലവൈദ്യനെങ്കിലും തണുപ്പിലിറങ്ങിയാൽ ക്ഷയംപിടിക്കും. എനിക്കു ഒരു ഗന്ധവുമില്ലെങ്കിലും ദുർഗന്ധം വെറുപ്പാകുന്നു. ഞാൻ തനിച്ചിരുന്നാൽ എന്നെ ആരും കാണുകയില്ല. കൂട്ടുകൂടിച്ചെന്നാൽ കൊച്ചുകുട്ടികളുംവിളിക്കും. ഞാൻ ഒരു വീട്ടിൽ കയറാതെയിരുന്നാലും അധിവസിച്ചാലും കലഹംതന്നെ. ക്രിസ്ത്യാനികൾ എന്നെ വേണ്ടുവണ്ണം ബഹുമാനിച്ചിരിക്കുന്നു. സകലജാതിക്കാരും എന്നെ മുഖ്യമായി ബഹുമാനിച്ചുവരുന്നു എന്നെ അറിയുന്നവരാണെങ്കിൽ എന്റെ പേർപറയണം. പേരുപറവാൻ വയ്യാത്ത ജനങ്ങൾ പുസ്തകങ്ങൾ വാങ്ങിക്കൊണ്ടുചെന്നു നല്ലബുദ്ധിമാന്മാരോടു ചോദിച്ചറിഞ്ഞ് തന്റെ മനസ്സിൽവെയ്ക്കുന്നതല്ലാതെമറ്റാർക്കും പറഞ്ഞുകൊടുക്കരുത്.

“വിദ്യാഭിവർദ്ധിനി” പ്രെസ്സ് — കൊല്ലം.

1956 kc 2304 v

# പരസ്യം

കെ. ഗോവിന്ദപ്പിള്ള അവൎകളാൽ എഴുതപ്പെട്ട വിക്രമാദിത്യൻകഥമൂന്നാംപതിപ്പു പരിഷ്കരിച്ചു "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടു വില അണ ൧൨

ടിയാരാൽ എഴുതപ്പെട്ട, മദനകാമരാജൻകഥ൩-ാംപതിപ്പു "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ടു. വില അണ ൬. തപാൽചിലവുപുറമെ

മനോല്ലാസം വരുത്തുന്ന അനവധികഥകൾ, നാടകങ്ങൾ, വിനോദകരങ്ങളായ മറ്റുംപലപുസ്തകങ്ങൾ ഉള്ളവയ്ക്കും പുറമെ പള്ളിക്കൂടം സംബന്ധമായ പുസ്തകങ്ങളും ഇവിടെ വില്പാൻതയാറുണ്ട്. എല്ലാവിവരവും അടങ്ങീട്ടുള്ളപട്ടിക, അരയണസ്റ്റാമ്പസഹിതം ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കപ്പെടും.

എസ്. റ്റി. റെഡ്യാർ

"വിദ്യാഭിവൎദ്ധിനി" ഉടമസ്ഥർ

കൊല്ലം

തിരുവിതാംകൂർ.

2,50

Bhiman-katha

# ഭീമൻകഥ.

olme I.

“വിദ്യാഭിവർദ്ധിനി” അച്ചുക്കൂടം
ഉടമസ്ഥർ സുബ്ബുസ്വാമൈന്നാട്ടു
റെഡ്യാരുടെ ചിലവിന്മേൽ
ടി-അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

൨൦-ാം പതിപ്പു്.

൩൦൦൦-കാപ്പികൾ.

൧൦൮൦.
1080 = 1905

0-0-6